പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 503 — 11.12.2012 -ലെ മറുപടി

കൃാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യ യാത്ര

ചോദ്യം — ഉത്തരം

ശ്രീമതി. പി. അയിഷാ പോറ്റി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യയാത്ര അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് ഇറങ്ങിയത് എന്നാണ്; | (എ) | 10.4.2012 |
| (ബി) | പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഉത്തരവ് ഉണ്ടായിട്ടും ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യയാത്ര ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള സൗജന്യ യാത്ര ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ക്യാൻസർ രോഗികൾക്ക് ചികിൽസാ കേന്ദ്രങ്ങളിൽ നിന്നും നൽകിയിട്ടുള്ള ചികിൽസാ രേഖകളുടെ അടിസ്ഥാനത്തിൽ ടി രോഗികൾക്ക് യാത്രാപ്പാസ്സ് നൽകുന്നതിന് അതത് യൂണിറ്റ് ആഫീസർമാർക്ക് 23.05.2012 -ൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി.ബസ്സിൽ യാത്രാസൗജന്യം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ: 21 /2012/ഗതാഗതം. തിരുവനന്തപുരം, തീയതി: 10/04/2012

---

## <u>ഉത്തരവ്</u>

കാൻസർ രോഗികൾക്ക് അവരുടെ സ്ഥിരമായ താമസസ്ഥലത്തുനിന്നും മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സക്കുപോകുന്ന ദിവസം കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി ബസ്സുകളിലും, സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, റിസർവേഷൻ ഇല്ലാത്ത എല്ലാ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിലും യാത്രാ കൂലിയിൽ 50% സൗജന്യ നിരക്ക് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പാസ്സ് അനുവദിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.ക്ക് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ടെങ്കിൽ ആയത് സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,<br>
കെ.ആർ.ജ്യോതിലാൽ<br>
ഗവൺമെന്റ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.<br>
പബ്ലിക് റിലേഷൻസ് (ന്യൂ മീഡിയ ഡിവിഷൻ) ഡിപ്പാർട്ട്മെന്റ്.<br>
(കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)<br>
ട്രാൻസ്പോർട്ട് (ബി) വകുപ്പിന്<br>
പൊതുഭരണ (എസ്.സി) വകുപ്പിന്<br>
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(signature)<br>
സെക്ഷൻ ഓഫീസർ

(signature)<br>
സെക്ഷൻ ഓഫീസർ